**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി -2017-18 - ചിറ്റൂർ നിയോജകമണ്ഡലം- "പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ നന്ദിയോട് സർക്കാർ ഹൈസ്കൂൾ കെട്ടിടം നിർമ്മാണം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് മുൻകൂർ തുക അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ) നം. 10227/2018/ധന.** **തീയതി, തിരുവനന്തപുരം, 13/12/2018**

പരാമർശം : 1. 03/06/2014 ലെ സർക്കുലർ നം.54/2014/ധന. ഉത്തരവ്
2. 05/06/2015 ലെ സ.ഉ(പി) നം.213/2015/ധന.
3. പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.5 . 3053/2017 നമ്പർ ഉത്തരവ്
4. സ.ഉ(സാധാ) നം. 8050/2018/ധന തീയതി 03/10/2018
5. പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 17.11.2018 ലെ ആർ.ഡി.5/3053/2017/8 നമ്പർ കത്ത്.

**ഉത്തരവ്**

ചിറ്റൂർ നിയോജകമണ്ഡലത്തിലെ "പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ നന്ദിയോട് സർക്കാർ ഹൈസ്കൂൾ കെട്ടിടം നിർമ്മാണം "എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ബഹു. എം.എൽ.എ ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് 10,00,000/-രൂപ(പത്ത് ലക്ഷം രൂപ മാത്രം) മുൻകൂറായി "5475-00-800-91-നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (നോൺപ്ലാൻ)"എന്ന ശീർഷകത്തിൽ നിന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനു അനുവദിച്ച് നൽകുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് മേൽ പരാമർശം (4) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ എ.ഡി.സി.യുടെ ഓഫീസിന് GST രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരണ സമയത്ത് GST ഡിഡക്ഷൻ നടത്താൻ കഴിയാത്ത സാഹചര്യം ഉള്ളതിനാൽ ,1401630002 എന്ന ഡി.ഡി.ഒ കോഡിൽ അനുവദിച്ച് നൽകിയ തുക പരാമർശം (5) പ്രകാരം സറണ്ടർ ചെയ്തിട്ടുണ്ട്.മേൽ സാഹചര്യത്തിൽ ,ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് മുൻകൂർതുക അനുവദിച്ച് നൽകിയ പരാമർശം (4)പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത് കുമാർ എ.**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ചെയർമാൻ , ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്.
ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി , ധനകാര്യ(അക്കൗണ്ട്സ് ) വകുപ്പ്
അഡീഷണൽ സെക്രട്ടറി, ധനകാര്യ(ബജറ്റ് വിംഗ്) വകുപ്പ്
✓നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**